# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 3534 **08-11-2019 ൽ മറുപടിയ്ക്ക്**

### കരാർ/താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. കെ.ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| എ) | സംസ്ഥാന ന്യൂനപക്ഷ ഡയറക്ടറേറ്റിലും അതിനു കീഴിലുള്ള ഓഫീസുകളിലും കരാർ/താത്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | എ) | ഇല്ല |
| ബി) | ഇത് സംബന്ധിച്ച് ന്യൂനപക്ഷ ഡയറക്ടറേറ്റിൽ നിന്നും എന്തെങ്കിലും ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദമായ വിവരം വെളിപ്പെടുത്തുമോ ; | ബി) | ഇല്ല. |
| സി) | ന്യൂനപക്ഷ ഡയറക്ടറേറ്റിന് കീഴിലുള്ള കോച്ചിംഗ് സെന്ററുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ കരാർ അവസാനിച്ചിട്ടും പ്രസ്തുത സ്ഥാപനങ്ങളിൽ ജോലിയിൽ തുടർന്ന് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, കരാർ പുതുക്കി നൽകാതെ ഇവർ ജോലിയിൽ തുടരുന്നത് എന്ത് കൊണ്ടാണെന്ന് വിശദീകരിക്കുമോ ? | സി) | ഉണ്ട്. കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ കരാർ കാലാവധി പൂർത്തീകരിക്കുന്നതിനു മുൻപായി കരാർ പുതുക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് തടസ്സം വരാതിരിക്കുന്നതിനായി കരാർ ജീവനക്കാരെ സർക്കാർ തീരുമാനം എടുക്കുന്നതു വരെ തുടരാൻ അനുവദിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**